

## പൂമൊട്ടുകൾ

## മാഗസിൻ




## ചെമ്പകശ്ശേരി എച്ച് എച്ച് എസ് പൂതക്കുളം




## ഉള്ളടക്കം


| | | |
|---|---|---|
| കഥ | - | 2 |
| കവിത | - | 3-7 |
| നാടൻ പഴഞ്ചൊല്ല് | - | 8 |
| ലേഖനം | - | 9 |





**<u>ആകാശത്തിലേയ്ക്കുള്ള ദൂരം</u>**



കുട്ടു എന്നും രാത്രി ആകാശത്തേക്ക് നോക്കുമായിരുന്നു. അമ്മ എപ്പോഴും ചോദിക്കും, “കുട്ടു നീ എന്തിനാ ആകാശത്തേക്ക് നോക്കിയിരിക്കുന്നത്.” അന്ന് ആദ്യമായ് അവൻ പറഞ്ഞു ."അമ്മേ ആകാശത്തേക്കു എത്ര ദൂരം ഉണ്ട്." അതുകേട്ട് 'അമ്മ ഒന്നു ചിരിച്ചു .അപ്പോൾ കുട്ടു ചോദിച്ചു . "ഇതു കേട്ട് എന്തിനാ ചിരിക്കുന്നത് . എന്റെ ചോദ്യത്തിൽ വല്ല തെറ്റുമുണ്ടോ ?. "ഇല്ല നിന്റെ ചോദ്യത്തിൽ ഒരു തെറ്റും ഇല്ല .എങ്കിലും ഇപ്പോൾ ഇതെന്റെ ഉത്തരം പറഞ്ഞു തരില്ല .മോൻ നാളെ സ്കൂളിൽ പോയി സാറിനോട് ചോദിച്ചു വാ . സാറിന്റെ ഉത്തരം എന്തെന്ന് നോക്കട്ടെ . അതിനുശേഷം 'അമ്മ ഇതെന്റെ ഉത്തരം പറയാം . ആ ദിവസം കുട്ടു രാവിലെ എഴുന്നേറ്റു അമ്പലത്തിൽ പോയി വന്നിട്ട് സ്കൂളിലേക്ക് പോയി .ബെൽ അടിച്ച ഉടനെ അവൻ

ക്‌ലാസ്സിൽ കയറി . സാറിനോട് പലരും പലതും ചോദിച്ചു . അപ്പോൾ അധ്യാപകൻ പറഞ്ഞു .ആകാശത്തേക്കുള്ള ദൂരം അമ്മയുടെ സ്നേഹം പോലെയാണ് അതിനളവ് ഇല്‌ല .ചോദ്യവും ഉത്തരവും കേട്ട് എല്‌ലാവരും കൈ അടിച്ചു . കുട്ടുവിന്റെ ചോദ്യമാണ് ഏറ്റവും നല്‌ല ചോദ്യം എന്ന് സാർ പറഞ്ഞു .കുട്ടു ഒന്നാമനായി തെരഞ്ഞെടുക്കപ്പെട്ടു .കുട്ടു വീട്ടിലേക്കു മടങ്ങി ."അമ്മൈ അമ്മൈ ഞാൻ ആ ചോദ്യം ചോദിച്ചു ഇനി അമ്മയുടെ ഉത്തരം അറിയട്ടെ ,'അമ്മ പറഞ്ഞത് ഇങ്ങനെ ആയിരുന്നു "ആകാശത്തേക്കുള്ള ദൂരത്തേക്കാൾ എത്രയോ വലുതാണ് അമ്മമാരുടെ സ്നേഹം ." ഇത് കേട്ട് കുട്ടു പറഞ്ഞു " അമ്മൈ സാറിന്റെ ഉത്തരവും ഇതു തന്നെയാണ് ."



# <u>ദർശനം</u>




കഷ്ടകാലമഖിലം കഴിഞ്ഞു ഹാ
ദിഷ്ടമീ വടിവിയന്നു വന്ന പോല്
ദൃഷ്ടനായിഹ ഭവൻ ഭവാനു പ-
ണ്ടിഷ്ടായം നളിനി ഞാൻ മഹാമതേ

പാണനോട്ടുമൊരുനാല് ഭവ്ലപ്ദം
കാണുവാൻ ചിരിമഹോ കൊതിച്ച ഞാൻ
കേണുവാണിവിടെ യേകമർഥിയാം
ണിതൻ  യമൊരുക്കലീശ രൻ
സന്ന്യസിച്ചളവുമാസ്ഥയാല് ഭവാൻ
തന്നെയോർത്തിഹ തപസ്സില് വാണു ഞാൻ
ധന്യയായ് സപദി കാണ്കമൂലമ-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും

വേങ്ങാടൻ_കോഴി

നാടൻ_പാട്ട്



വേങ്ങടൻ കോഴി വടക്കൻ കോഴി
കോഴി മലക്കേറി മുട്ടയിട്ടു
മുട്ടയിലെട്ടെണ്ണം പൊട്ടിപ്പോയി
പൂവത്തലക്കൊരു ചൂണ്ട
ചൂണ്ടത്തലക്കൊരു മീൻ കുടുങ്ങിത്
മീനവലിച്ചുകരയിലിട്ടു
മീനെ മുറിച്ചവള് നോക്കുന്നേരം
മീനിനകത്തൊരു ചെപ്പുക
ചെപ്പിനകത്തൊരുളൂക്കു ക
അളക്കുതുറന്നവള് നോക്കുന്നേരം


## പുഴയുടെ സൗന്ദര്യം



ആടിപ്പാടി രസിക്കുന്ന മീനുകൾ
പുഴയുടെ സൗന്ദര്യം
അത് നമ്മുടെ സൗന്ദര്യം

മൂളിപ്പാട്ടും പാടിവരുന്നൊരകാറ്റൊരു സൗന്ദര്യം
കുയിലുകൾ ക്കൂകുംന്നേരം
ചിത്തം കുളിരുന്നു
പുഴയും പകൃതിയുമെല്ലാം
നമ്മുടെ സ്വത്താണല്ലോ
മാലിന്യങ്ങൾ തള്ളരുത്
പുഴ സുന്ദരിയായി യായിട്ടോഴുകട്ടേ.


പട്ടം



പട്ടം പറക്കുകയാണ് വാനിൽ , മമ

ചിത്തം പറക്കുകയാണ് വാനിൽ .

കാറ്റിലുലഞ്ഞൊട്ടു തെന്നിയുർന്നും , ദിശ

മാറ്റിയുടനെകുതിച്ചുയർന്നും ,

എൻകൈയിലുള്ള ചരടിൻ ബലത്തി,ലെൻ

പട്ടം പറക്കുകയാണ് വാനിൽ .

ഓളവും കാറ്റും ചുഴിയുമു ,ണ്ടെന്നാലു

മോടിക്കളിക്കുന്നവയ്ക്കു മേലെ .

വിട്ടുകളയുകയില്ല ഞാ,നെന്നെത്ത

വിശ്വാസമാണതിന് ശക്തിയെല്ലാം .


ഏറ്റമുയരാമർജിക്കുക്കിലും. ചര

ടറ്റുപോകായ്കിലത്തു സുശക്തം .

പട്ടം പറക്കുകയാണത് കാൺകെ .യെൻ

ചിത്തം പറക്കുകയാണ് വാനിൽ .

<u>കബഡി കബഡി</u>





കബഡി കബഡി
കാട്ടില് കബഡി
കടിപിടി കബഡി
കുട്ടുകുട്ടു കബഡി

കരടികള് കടുവകള്
കുറുനരി കാളകള്
കഴുത കുരങ്ങൻ
കബഡി കബഡി

കാലുകള് വാരി
കൈകള് ചുഴറ്റി
കൊമ്പുകള് കോർത്തും
കബഡി കബഡി


കൂട്ടത്തല്ലും
കൂവലു മൊപ്പം
കൂതികാല് വെട്ടും
കബഡി കബഡി

കതിനകള് പൊട്ടി
കൊബനുണർന്നേ
കൊബുകുലുക്കി
കബഡി കബഡി
കിട്ടിയ ജീവൻ
കൊഡു പറന്നേ
കബഡികളിക്കാർ
കബഡി കബഡി



<u>നവയുഗ പ്‌രതിഭകൾ</u>

നവയുഗ പ്‌രതിഭകളേ..............



ശാസ്ത്ര യുഗത്തിന് തേര് തെളിക്കും

നവയുഗ സാരഥിമാരെ ..............

പൊൻകിരീടമൊരുക്കും നമ്മൾ

ശാസ്ത്ര യുഗത്തിനെ അണിയിക്കാൻ

മാനവർ തീർക്കും വഴികളിലൊന്നും

പൊൻകതിർ ദീപം തെളിയിക്കാൻ !

നമ്മളൊരുക്കും വാഴിത്താരകളിൽ

വർണ പുഷ്പങ്ങൾ വിരിയുമ്പോൾ

പുതിയൊരു നാദം കേട്ടുണരും

നാളെ നമ്മുടെ തലമുറകൾ

നാളെ നമ്മുടെ തലമുറകൾ.

## _നാടൻ_പഴഞ്ചൊല്‍ലുകൾ


- പയ്‌യതിന്നാല് പനയും തിന്നാം



- മടിയൻ മല ചുമക്കും
- ഉരുളുന്ന കല്‍ലില് പായല് പിടിക്കില്‍ല
- അണ്ണാറക്കണ്ണനും തന്നാലായത്
- പൊന്നുതിന്നു വെള്ളിതുപ്പി
- മടിയൻ മല ചുമക്കും
- മിന്നുന്നതെല്‍ലാം പൊന്നല്‍ല
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
- ഇരയിട്ടാലെ മീൻ കിട്ടൂ
- ചൊട്ടയിലെ ശീലം ചുടല വരെ

<u>ഭാഷയും_കുടുംബവും</u>

ഭാഷയിലൂടെ ആശയവിനിമയം നടത്താനുള്ള കഴിവ് മനുഷ്യനുണ്ടായത് അവനെ കൂടുതല് ആധുനികനാക്കി എന്നത് യാഥാർഥ്യമാണ്. മനുഷ്യരെയും മറ്റ് ജീവജാലങ്ങളെയും വേർതിരിക്കുന്നതില് ഭാഷക്ക് വ്യക്തമായ പങ്കുണ്ട്.



പണ്ട് തീയുടെയും ചക്രത്തിൻറെയും കണ്ടുപിടിത്തംപോലെപ്രധാനപ്പെട്ടതായിരുന്നു ഭാഷയുടെ കണ്ടെത്തല്.

ഉപകരണങ്ങള് നിർമ്മിക്കാനും ഉപയോഗിക്കാനുമുള്ള കഴിവാണ് മനുഷ്യനെ മറ്റ് മൃഗങ്ങളില് നിന്ന്

വേർതിരിക്കുന്നതെന്ന് നരവംശശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു.

